(ഡി) സംസ്ഥാനത്തെ ഇടത്തരം ദേശീയ പാതകളുടെ വികസനം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ എന്തൊക്കെ മാർഗ്ഗ നിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത് ?

ഉത്തരം

(എ - ഡി) NH-49, NH-208, NH-212, NH-213, NH-220 എന്നീ പാതകൾ NHDP Phase-4 -ൽ ഉൾപ്പെടുത്തി പി.പി.പി. മുഖേന രണ്ടുവരി പേവ്ഡ് ഷോൾഡർ പാതയായി വികസിപ്പിക്കാൻ കേന്ദ്രസർക്കാരുമായി ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയുണ്ടായി. സാദ്ധ്യതാ പഠനത്തിനായി കൺസൾട്ടന്റുകളെ നിയോഗിക്കുകയും അപ്രകാരം നിയോഗിച്ച കൺസൾട്ടന്റുകൾ NH-208, NH-212, NH-213 എന്നീ ദേശീയപാതകളുടെ സാദ്ധ്യതാ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വ്യാപകമായ ജനകീയ ആവശ്യത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ വിളിച്ച് ചേർത്ത സർവ്വകക്ഷി യോഗ തീരുമാനത്തിന്റെയും സർക്കാർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ദേശീയപാതാ വികസനം ബി.ഒ.റ്റി. വ്യവസ്ഥ ഒഴിവാക്കി നടത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിന്മേൽ കേന്ദ്രസർക്കാരിന്റെ ഔദ്യോഗിക പ്രതികരണം ലഭിച്ചിട്ടില്ല.

ഹൈവേ പ്രോജക്ടുകൾ

185 (4539) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദേശ സഹായത്തോടെയും അല്ലാതെയും ഏതെല്ലാം പ്രധാനപ്പെട്ട ഹൈവേ പ്രോജക്ടുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ഹൈവേകൾ ഏതെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതികളിൽ ടൂറിസം ഹൈവേയായി ഏതൊക്കെ പദ്ധതികളാണ് നിർണ്ണയിക്കപ്പെട്ടിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്ത് ലോകബാങ്കിന്റെ സഹായത്തോടുകൂടി പൊതുമരാമത്ത് വകുപ്പ് കെ.എസ്.ടി.പി. എന്ന റോഡു വികസന പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതിൽ കഴക്കൂട്ടം-തൈക്കോട് റോഡ്, എം.സി. റോഡിന്റെ തൈക്കോട് (വെഞ്ഞാറമൂട്) മുതൽ ചെങ്ങന്നൂർവരെയുള്ള ഭാഗം, തൊടുപുഴ-മൂവാറ്റുപുഴ-അങ്കമാലി റോഡ്, തൃശ്ശൂർ-കുറ്റിപ്പുറം റോഡ്, പാലക്കാട്-ഷൊർണ്ണൂർ റോഡ് എന്നിവയുടെ പുനർനിർമ്മാണവും, 1157 കിലോമീറ്റർ നിലവിലുള്ള കേരളത്തിലെ വിവിധ റോഡുകളുടെ ഉപരിതലം പുതുക്കലുമാണ് ഉൾപ്പെടുന്നത്. ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം ലോകോത്തര നിലവാരത്തിലാണ് ഇതിന്റെ പണികൾ നടത്തി വരുന്നത്. ദേശീയപാത 47, 17, എന്നിവ NHDP Phase II/III എന്നിവയിൽ ഉൾപ്പെടുത്തി 4/6 വരിയായും, NH-49, NH-208, NH-212, NH-213, NH-220 എന്നിവ

LIBRARY ARCHIVES Kerala Legislative Assembly

NHDP Phase IV-ൽ ഉൾപ്പെടുത്തി പേവ്ഡ് ഷോൾഡറോട് കൂടി രണ്ട് വരിയായും BOT വ്യവസ്ഥയിൽ PPP ആയി വികസിപ്പിക്കുവാൻ NHAI യുമായി ധാരണയുണ്ടായിട്ടുണ്ട്. എന്നാൽ പിന്നീട് സർവ്വകക്ഷിയോഗത്തിന്റെ തീരുമാനവും സർക്കാർ തീരുമാനവും അനുസരിച്ച് BOT വ്യവസ്ഥ ഒഴിവാക്കി ദേശീയ പാതാ വികസനം നടപ്പിലാക്കണമെന്ന് സംസ്ഥാനം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) മധുര-കോട്ടയം-ചേർത്തല റോഡ്, ആനാട്-പൊൻമുടി റോഡ് എന്നിവ ടൂറിസം ഹൈവേകളായി നടപ്പിലാക്കുകയാണ്. ഇതിൽ ആനാട്-പൊൻമുടി റോഡ് നിർമ്മാണം പൂർത്തിയായി.

ദേശീയ പാതകളുടെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

186 (4540) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശീയപാതകളുടെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ നിർത്തിവച്ചിട്ടുണ്ടോ ; എങ്കിൽ ഇത്തരം തീരുമാനം കൈക്കൊള്ളുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതു സംബന്ധിച്ച് പുതുതായി എന്തൊക്കെ നിർദ്ദേശങ്ങളാണ് നൽകിയിരുന്നത് ; ഇതിനായി സർക്കാർ നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ദേശീയപാത വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഇപ്പോൾ സർവ്വേകൾ നടന്നുവരുന്നത് ;

(ഡി) ഇത്തരം സർവ്വേ നിറുത്തിവയ്ക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ഇ) ഇത്തരത്തിൽ സർവ്വേ നടത്തുന്നതിന് ഇപ്പോൾ എന്ത് സാങ്കേതിക ബുദ്ധിമുട്ടുകളാണുള്ളത് ?

ഉത്തരം

(എ - ഇ) ദേശീയപാത 47, 17 എന്നിവ ബി.ഒ.ടി. വ്യവസ്ഥയിൽ 4 വരി പാതയായി വികസിപ്പിക്കുന്നതിനുവേണ്ടി 45 മീറ്റർ വീതിയിൽ സ്ഥലമെടുപ്പ് പുരോഗമിച്ചു വരികയായിരുന്നു. എന്നാൽ റോഡിന്റെ വീതി 30 മീറ്റർ മതിയെന്നും ബി.ഒ.ടി. വ്യവസ്ഥ ഒഴിവാക്കണമെന്നും പൊതുഅഭിപ്രായമുണ്ടാകുകയും

LIBRARY ARCHIVES Kerala Legislative Assembly